(ഡി) വയനാട് ജില്ലയിലെ തോട്ടം തൊഴിലാളികൾ നേരിടുന്ന പ്രശ്നം പരിഹരിക്കാൻ തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഉന്നതതല കൂടിയാലോചനാ യോഗം വിളിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡിന്റെ കീഴിലുള്ള 'സെന്റിനൽ റോട്' തേയിലത്തോട്ടം തൊഴിലാളികൾക്ക് ലഭിക്കാനുള്ള അഞ്ചുമാസത്തെ ശമ്പള കുടിശ്ശിക സംബന്ധിച്ച് കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ നടത്തിയ ചർച്ചയെത്തുടർന്ന് ധാരണയിലെത്തുകയും 16-5-2003 മുതൽ പ്രവർത്തനം സാധാരണ നിലയിൽ വരികയും ചെയ്തു. അസ്സാം ഗ്രൂപ്പ് എസ്റ്റേറ്റ് 4-1-2003-ൽ ലേബർ കമ്മീഷണർ നടത്തിയ ചർച്ചയെത്തുടർന്ന് തുറന്ന് പ്രവർത്തിച്ചുവരുന്നു. അന്നത്തെ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചിട്ടില്ലെന്ന പരാതി സംബന്ധിച്ച് ചർച്ചകൾ നടന്നുവരികയാണ്.

(ബി, സി) ഇല്ല. പ്ലാന്റേഷൻ ലേബർ കമ്മിറ്റി അംഗീകരിച്ച കൂലി വ്യവസ്ഥ ഏകപക്ഷീയമായി വെട്ടിക്കുറയ്ക്കാൻ തോട്ടമുടമകൾക്ക് അധികാരമില്ല. 6-3-2000-ൽ ഒപ്പുവയ്ക്കപ്പെട്ട ദീർഘകാല കരാറിന്റെ കാലാവധി 31-3-2002-ൽ അവസാനിച്ചതിനെ തുടർന്ന് 1-4-2002 മുതൽ ഈ കരാർ തങ്ങൾക്ക് ബാധകമല്ലെന്നും അതിലെ വ്യവസ്ഥകൾ റദ്ദു ചെയ്യണമെന്നും വേതനം വെട്ടിക്കുറയ്ക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് തോട്ടമുടമകൾ വ്യവസായ തർക്ക നിയമത്തിലെ വകുപ്പുകൾ പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന പുനഃസംഘടിപ്പിക്കപ്പെട്ട പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ ആദ്യ യോഗത്തിൽ നടന്ന ചർച്ചയുടെ ഫലമായി പ്രസ്തുത നോട്ടീസുകൾ തൊഴിലുടമകളെക്കൊണ്ട് പിൻവലിപ്പിക്കുവാൻ കഴിഞ്ഞു. 31-3-2002-ൽ നിലവിലിരുന്ന വേതന നിരക്കുകൾ അതേപടി തുടർന്നും തൊഴിലാളികൾക്ക് നൽകുന്നതിന് തീരുമാനിച്ചു. ഇതിന് പകരമായി പ്രതിദിനം രണ്ടു കിലോ വീതം കൊളുന്ത് കൂടുതൽ നുള്ളുവാനും ധാരണയായി. 1-4-2002 മുതൽ മരവിപ്പിച്ചിരിക്കുന്ന ഡി. എ. നൽകുന്നത് സംബന്ധിച്ച ചർച്ചകൾ നടന്നു വരികയാണ്.

(ഡി) വയനാട് ജില്ലയുൾപ്പെടെ തോട്ടം മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ബഹു. മുഖ്യമന്ത്രി ചെയർമാനായി രൂപീകരിക്കപ്പെട്ട പ്ലാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്ന് ചർച്ചകൾ നടത്തി വരുന്നു. കൂടാതെ തൊഴിൽ വകുപ്പു മന്ത്രി തോട്ടം ഉടമകളുമായി പ്രത്യേകം പ്രത്യേകം ചർച്ചകളും നടത്തിവരികയാണ്.

"ക്ഷേമനിധി ബോർഡുകളിലെ സർക്കാർ അംശദായം"

73 [3478] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
" സ്റ്റീഫൻ ജോർജ്:
" തോമസ് ഉണ്ണിയാടൻ:
" മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക്, തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ ഏതെല്ലാം ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ അംശദായം നൽകുന്നുണ്ട്;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഇവയ്ക്ക് കൃത്യമായി അംശദായം നൽകിയിരുന്നോ;

(സി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ഈ ഇനത്തിൽ എത്ര രൂപ കുടിശ്ശിക ഉണ്ടായിരുന്നു എന്ന് വിശദമാക്കുമോ;

(ഡി) ഈ കുടിശ്ശിക നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ പിരിഞ്ഞു കിട്ടിയ അംശദായം

74 [3479] ശ്രീ. കെ.പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തൊഴിലാളി ക്ഷേമനിധികളിൽ ഇപ്പോൾ എത്ര അംഗങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംശദായമായി പിരിഞ്ഞു കിട്ടിയ സംഖ്യ എത്രയെന്നും ബോർഡിന് പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശികയെത്രയെന്നും വിശദമാക്കുമോ;

(സി) ബോർഡിൽനിന്ന് വായ്പയെടുത്തിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണ് എന്നും ഇതിൽ ഓരോ സ്ഥാപനത്തിൽനിന്നും പിരിഞ്ഞു കിട്ടാനുള്ള സംഖ്യ എത്ര വീതമാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംശദായമായി 2,60,36,83,470.93 രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ട്. ഈയിനത്തിൽ 20,05,95,740.69 രൂപ പിരിഞ്ഞു കിട്ടാനുണ്ട്.

(സി) ബോർഡിൽനിന്നും വായ്പയെടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ പേരും വിശദവിവരങ്ങളും ചുവടെ ചേർക്കുന്നു:

(1) കേരളാ സ്റ്റേറ്റ് ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷൻ.

LIBRARY ARCHIVES Kerala Legislative Assembly